സംസ്ഥാന സ്കൂൾ കായിക മേള

99 (696) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എല്ലാ കൊല്ലവും നടന്നുവരുന്ന സംസ്ഥാന സ്കൂൾ കായികമേള 2002-2003-ൽ എവിടെ വച്ച് നടന്നു ;

(ബി) തിരുവനന്തപുരത്ത് ജനുവരി 10 മുതൽ 16 വരെ നടന്ന മിനി സ്കൂൾ ഗെയിംസ് ആരാണ് നടത്തിയത് ; ഇതിൽ വിദ്യാഭ്യാസ വകുപ്പിന്റെ പങ്ക് എന്താണ് ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ അറിവോടെയാണോ ഈ മിനി സ്കൂൾ സംസ്ഥാന മത്സരം നടന്നത് ;

(ഡി) ഇങ്ങനെ രണ്ട് സംസ്ഥാന സ്കൂൾ മത്സരങ്ങൾ നടത്താൻ ഉണ്ടായ കാരണം എന്താണ് ;

(ഇ) ഈ മിനി സ്കൂൾ ഗെയിംസിൽ വിദ്യാഭ്യാസ വകുപ്പ് പണം മുടക്കിയോ ;

(എഫ്) പണം മുടക്കിയെങ്കിൽ എത്രയെന്നും ഇത് ആവശ്യ ചെലവാണോ എന്നും വ്യക്തമാക്കുമോ ;

(ജി) വരും കൊല്ലങ്ങളിൽ ഇങ്ങനെ മിനി സ്കൂൾ ഗെയിംസ് നടത്താൻ പദ്ധതി ഉണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2002-2003 വർഷത്തെ സംസ്ഥാന സ്കൂൾ കായികമേള 8-12-2002 മുതൽ 13-12-2002 വരെ പാലക്കാട് വച്ച് നടന്നു.

(ബി) കേരള സ്പോർട്സ് കൗൺസിൽ സ്വന്തം നിലയിലാണ് മിനി ഗെയിംസ് നടത്തിയത്.

(സി) അല്ല.

(ഡി) തിരുവനന്തപുരത്ത് വച്ച് നടന്ന മിനി സ്കൂൾ ഗെയിംസ്, സ്പോർട്സ് വികസനത്തിന്റെ ഭാഗമായി കേരള സ്പോർട്സ് കൗൺസിൽ സ്വന്തം നിലയിലാണ് നടത്തിയത്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) വിദ്യാഭ്യാസ വകുപ്പിന് പദ്ധതിയില്ല.

പി. ടി. എ. കളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

100 (697) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പി. ടി. എ. കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി. ടി. എ. കളുടെ പ്രവർത്തനം ഏതെങ്കിലും നിയമങ്ങൾക്ക് വിധേയമായിട്ടാണോ എന്നും പി. ടി. എ. കളുടെ മേൽ നിയന്ത്രണങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ പി. ടി. എ. കളുടെ നിർബന്ധ പിരിവുകളെപ്പറ്റിയുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പി. ടി. എ. കളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പി. ടി. എ. കളുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1969 മാർച്ച് 31-ലെ ജി. ഒ.(പി) 138/69/പൊ.വി.വ. ഉത്തരവിന് വിധേയമായിട്ടാണ് പി. ടി. എ. കൾ പ്രവർത്തിക്കുന്നത്. പി. ടി. എ. കളെ നിയമംമൂലം നിയന്ത്രിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള 26-9-1995-ലെ സർക്കുലർ നമ്പർ എച്ച്1/97941/94/അനുസരിച്ച് ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ഇ) കക്ഷി രാഷ്ട്രീയത്തിനതീതമായി സമൂഹത്തിലെ പ്രതിബദ്ധതയുള്ള വിഭാഗത്തിന് മുൻഗണന നൽകികൊണ്ട് പി. ടി. എ. കൾ രൂപീകരിച്ചാൽ മാത്രമേ പി. ടി. എ. കളുടെ പ്രവർത്തനം ക്രിയാത്മകമായി തീരുകയുള്ളു. വളരെ ആഴത്തിലുള്ള പഠനങ്ങൾക്ക് ശേഷം മാത്രമേ ഇതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയുള്ളു.

ഹൈസ്കൂൾതലത്തിലും സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിലും ഫീസ് വർദ്ധിപ്പിക്കാനുള്ള തീരുമാനം

101 (699) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ തലത്തിലും സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിലും വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly